**കേരള സർക്കാർ**

സംഗ്രഹം

ലാന്റ് റവന്യൂ കമ്മീഷണറുടെ പേരിൽ ബന്ധപ്പെട്ട ട്രഷറിയിൽ ഒരു പലിശ രഹിത സ്പെഷ്യൽ ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ട് ആരംഭിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

***ധനകാര്യ (സ്ട്രീംലൈനിംഗ്) വകുപ്പ്***

സ.ഉ. (സാധാ) നം. **564/2018/ധന.** തിരുവനന്തപുരം, തീയതി **23.01.2018**

പരാമർശം - ലാന്റ് റവന്യൂ കമ്മീഷണറുടെ ഓഫീസിലെ ജോയിന്റ് കമ്മീഷണറുടെ 18.11.2017 ലെ എൽ.ആർ.(ഐ.റ്റി. സെൽ) - 20648/15 നമ്പരായുള്ള കത്ത്.

**ഉത്തരവ്**

സംസ്ഥാനത്തെ 14 ജില്ലാ കളക്ട്രേറ്റുകളിലും 21 റവന്യൂ ഡിവിഷണൽ ഓഫീസുകളിലും 75 താലൂക്ക് ഓഫീസുകളിലും ലാന്റ് റവന്യൂ കമ്മീഷണറേറ്റിലും ഇ-ഓഫീസ് സംവിധാനം നടപ്പിലാക്കുന്നതിന് ഭരണാനുമതി ലഭ്യമായിട്ടുണ്ടെന്നും അതിന്റെ അടിസ്ഥാനത്തിൽ ലാന്റ് റവന്യൂ കമ്മീഷണറേറ്റിൽ ഇ-ഓഫീസ് സംവിധാനം നടപ്പിലാക്കുന്നതിന് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനായുള്ള ഫണ്ട് അനുവദിച്ചിട്ടുണ്ടെന്നും ആയത് കൈമാറുന്നതിനായി ബാങ്ക് അക്കൗണ്ട് വിവരങ്ങൾ ലഭ്യമാക്കണമെന്ന് ഐറ്റി മിഷൻ ആവശ്യപ്പെട്ടിട്ടുണ്ടെന്നും ആയതിനാൽ പ്രസ്തുത ആവശ്യത്തിലേക്കായി ലാന്റ് റവന്യൂ കമ്മീഷണറുടെ പേരിൽ ബാങ്ക് അക്കൗണ്ട് ആരംഭിക്കുന്നതിനുള്ള അനുമതി നൽകണം എന്നും ജോയിന്റ് കമ്മീഷണർ പരാമർശത്തിലെ കത്തിലൂടെ അഭ്യർത്ഥിച്ചിരിക്കുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ മേൽ സൂചിപ്പിച്ച ആവശ്യത്തിനായി, ലാന്റ് റവന്യൂ കമ്മീഷണറുടെ പേരിൽ ബന്ധപ്പെട്ട ട്രഷറിയിൽ ഒരു പലിശ രഹിത സ്പെഷ്യൽ ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ട് ആരംഭിക്കുന്നതിന് അനുമതി നല്കി ഉത്തരവാകുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം
**സുരേഷ് കുമാർ ഒ.ബി.**
അണ്ടർ സെക്രട്ടറി (ധനകാര്യം)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ/ ജി & എസ്.എസ്. എ) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഇ & ആർ.എസ്. എ) കേരള, തിരുവനന്തപുരം.
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.
ജോയിന്റ് കമ്മീഷണർ, ലാന്റ് റവന്യൂ കമ്മീഷണറുടെ ഓഫീസ്, തിരുവനന്തപുരം
റവന്യൂ (TRP-CELL) വകുപ്പ് ( e file No: TRP-CELL2/80/2017-REV പ്രകാരം )
ധനകാര്യ (EXP-B) വകുപ്പ്
നോഡൽ ഓഫീസർ, www.finance.kerala.gov.in
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ